# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ DECEMBER 16 | 2020 |
| --- | --- |



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

### ശബരിമല തീർഥാടനം ആരോഗ്യ വകുപ്പ് നിർദേശങ്ങൾപാലിച്ച് നടത്തും - ദേവസ്വം ബോർഡ് കമ്മീഷണർ

ആരോഗ്യ വകുപ്പിന്റെ നിർദേശങ്ങൾക്കാണ് ഈ വർഷത്തെ ശബരിമല തീർഥാടനത്തില് മുന്തിയ പരിഗണന നൽകുന്നതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണര് ബി.എസ്. തിരുമേനി പറഞ്ഞു. മണ്ഡല പൂജാ ഉത്സവത്തിന്റെ ഒരുക്കങ്ങള് വിലയിരുത്തുന്നതിന് സന്നിധാനത്തെത്തിയതായിരുന്നു കമ്മീഷണര്. കോവിഡ് സുരക്ഷയുടെ ഭാഗമായി മണ്ഡലപൂജയ്ക്ക് ശേഷം ആർടിപിസിആര് ടെസ്റ്റ് നടത്തിയ ഭക്തരെയും ജീവനക്കാരെയും മാത്രം സന്നിധാനത്തേക്ക് പ്രവേശിപ്പിക്കണമെന്ന ആരോഗ്യ വകുപ്പിന്റെ നിർദേശം നടപ്പാക്കും. കോവിഡിന്റെ പശ്ചാത്തലത്തില് ഭക്തജനങ്ങളുടെ എണ്ണം ഈ വർഷത്തെ തീർഥാടനകാലത്ത് പരിമിതപ്പെടുത്തിയിരുന്നു. മണ്ഡലകാലത്തിന്റെ ആദ്യഘട്ടങ്ങളില് ഭക്തരുടെ എണ്ണം പ്രവൃത്തി ദിവസങ്ങളില് ആയിരവും ആഴ്ച അവസാനം രണ്ടായിരവുമെന്ന നിലയിലായിരുന്നു ക്രമീകരിച്ചിരുന്നത്. എല്ലാ വിഭാഗം ജീവനക്കാരുടേയും ഒത്തൊരുമിച്ചുള്ള സേവനത്തിന്റെ ഫലമായി തടസങ്ങളില്ലാതെയാണ് ദർശനം ഉൾപ്പെടെയുള്ളവ മുന്നോട്ട് പോയത്. ഇതേ തുടർന്ന് രണ്ടായിരവും മൂവായിരവും എന്ന നിലയിലേക്ക് ഭക്തരുടെ എണ്ണം വർധിപ്പിച്ചിട്ടുണ്ട്. വെർച്ചല് ക്യൂ ബുക്കിംഗ് വഴി മാത്രമാണ് ദർശനാനുമതി നൽകുന്നത്. ഇത്തരത്തില് എത്തുന്ന എല്ലാ ഭക്തർക്കും

ദർശനത്തിന് വിപുലമായ സൗകര്യം സന്നിധാനത്ത് ഒരുക്കിയിട്ടുണ്ട്. ആരെയും സന്നിധാനത്ത് തങ്ങാന് അനുവദിക്കില്ല. പുലർച്ചെ നാലിന് പമ്പയില് നിന്നും ആദ്യ തീർഥാടക സംഘത്തിന് സന്നിധാനത്തേക്ക് പുറപ്പെടാന് അനുമതി നൽകും. രാവിലെ അഞ്ച് മുതല് രാത്രി 8.40ന് ഹരിവരാസന സമയം വരെ മാത്രമാണ് ഭക്തർക്ക് ദർശനാനുമതിയുള്ളത്. എല്ലാ ദിവസവും അവസാനം മലയിറങ്ങുന്ന ഭക്തർക്ക് സന്നിധാനം മുതല് പമ്പ വരെ പോലീസിന്റെയും വനം വകുപ്പിന്റെയും സുരക്ഷാ അകമ്പടിയുണ്ടാവും.ശബരിമലയില് സേവനത്തിനെത്തുന്ന എല്ലാ വിഭാഗം ജീവനക്കാരെയും നിർബന്ധിതമായി കോവിഡ് ടെസ്റ്റ് നടത്തിയതിന് ശേഷമാണ് ജോലിയില് പ്രവേശിപ്പിക്കുന്നത്. കോവിഡ് 19 ന്റെ പശ്ചാത്തലത്തില് ജീവനക്കാർക്കെല്ലാം പ്രത്യേകം താമസ സൗകര്യവും ഭക്ഷണശാലകളും അനുവദിച്ചിരുന്നു.        മണ്ഡല പൂജാ മഹോത്സവത്തിനായി 22 ന് തങ്ക അങ്കി ഘോഷയാത്ര ആറൻമുളയില് നിന്ന് പുറപ്പെടും. 25 ന് സന്നിധാനത്ത് എത്തും. 26നാണ് മണ്ഡലപൂജ ഉത്സവം. 41 ദിവസത്തെ മണ്ഡല കാലം പൂർത്തിയാക്കി നട അടച്ച് കഴിഞ്ഞാല് 30 നാണ് തുറക്കുകയെന്നും കമ്മീഷണർ പറഞ്ഞു.

**(പി.ആര്. ശബരി-108)**


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 16 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ് 2

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളെത്തെ ചടങ്ങുകള് (17.12.2020)**

.............................

പുലർച്ചെ 4 മണിക്ക് പള്ളി ഉണർത്തല്
5 ന്.... തിരുനട തുറക്കല്
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതല് 11 മണി വരെ നെയ്യഭിഷേകം
7.30 ന് ....ഉഷപൂജ
8 മണി മുതല് 9 മണി വരെ ഉദയാസ്തമന പൂജ
11.30 ന് .....25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് ക്ഷേത്രനട അടയ്ക്കല്
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി
9 മണിക്ക് ശ്രീകോവില് നട അടയ്ക്കും.

(പി.ആര്‍. ശബരി-109)


വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 16 | 2020 |
| --- | --- | --- |



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

## കോവിഡ് കാലത്ത് അയ്യപ്പ ഭക്തർക്ക് കരുതലായി ആയുർവേദ, ഹോമിയോ വകുപ്പുകള്

ശബരിമലയില് എത്തുന്ന അയ്യപ്പ ഭക്തർക്ക് ആയുർവേദ, ഹോമിയോ വകുപ്പുകൾനിരവധി സേവനങ്ങളാണ് നൽകുന്നത്. പേശീവേദന, നടുവേദന, ഉളുക്ക്, ചതവ്, മലബന്ധം, ക്ഷീണം എന്നിവയ്ക്ക് ആയുർവേദ വകുപ്പിന്റെ നേതൃത്വത്തില് അടിയന്തിര സഹായം ലഭ്യമാണ്. ദിവസവും നൂറ് കണക്കിന് ആളുകളാണ് ആയുർവേദ ചികിത്സ തേടുന്നതെന്ന് സന്നിധാനത്തെ ആയുർവേദ മെഡിക്കല് ഓഫീസര് ഡോ.വിനോദ് കൃഷ്ണന് നമ്പൂതിരി പറഞ്ഞു.ഹോമിയോ വകുപ്പ് ഭക്തർക്കും, ജീവനക്കാർക്കും പ്രതിരോധശേഷി ഉയർത്താന് ഇമ്മ്യൂണിറ്റി ബൂസ്റ്റര് മെഡിസിന് നൽകി വരുന്നു. സാധാരണ പനി, ജലദോഷം, ശ്വാസകോശ സംബന്ധമായ അസുഖം എന്നിവയ്ക്ക് ഹോമിയോ ചികിത്സ ഫലപ്രദമാണെന്ന് സന്നിധാനത്തെ ഹോമിയോ മെഡിക്കല് ഓഫീസര് ഡോ. വേണുകുമാര് പറഞ്ഞു. ഇതുവരെ 1610 പേർക്ക് ഇമ്മ്യൂണിറ്റി ബൂസ്റ്റര് മരുന്ന് നൽകി. 350 ഓളം പേര് ചികിത്സാ സഹായം നേടിയിട്ടുണ്ടെന്നും മെഡിക്കല് ഓഫീസര് പറഞ്ഞു.

**(പി.ആര്. ശബരി-(110)**

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.